ചെയ്യും. പഴയ നിയമസഭാ ഹാളിൽ വച്ചാണ് പ്രസ്തുത ചടങ്ങ് നടക്കുന്നത്. ഇത് സംബന്ധമായിട്ടുള്ള ക്ഷണക്കത്ത് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും ഇതിനകം നല്കിയിട്ടുണ്ട്. പഴയ ഹാളിൽ ഈ സഭയിലെ അംഗങ്ങൾക്ക് ഇരിക്കുവാനുള്ള ഒരു അവസാന അവസരമായിട്ടുകൂടി ചെയർ ഇതിനെ കാണുകയാണ്. അത് മാത്രമല്ല, സഭാംഗങ്ങൾക്ക് ആ ഹാളുമായിട്ട് വൈകാരികമായിട്ട് ബന്ധമുണ്ട്. അവർ അവസാനമിരുന്ന സീറ്റുകൾ അതേപടി നിലനിറുത്തുവാനാണ് ഉദ്ദേശിക്കുന്നത്. അവരവരുടെ സീറ്റുകളിൽ പേരുകൾ വച്ചിട്ട് അവസാനം ആരൊക്കെയാണ് അവിടെയുണ്ടായിരുന്നതെന്ന് അവിടെയുണ്ടാകും. എല്ലാപേരും ആ ചടങ്ങിൽ പങ്കെടുത്ത് ആ ചടങ്ങ് അവിസ്മരണീയമാക്കി മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

III അടിയന്തിരപ്രമേയം

യൂണിവേഴ്സിറ്റി കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന അന്ധവിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

മി. സ്പീക്കർ : 2001 ഫെബ്രുവരി 18-ാം തീയതി തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിക്കുന്ന അന്ധവിദ്യാർത്ഥികളെ മർദ്ദിച്ച സംഭവത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യാത്തതിനാൽ മറ്റ് വിദ്യാർത്ഥികളും രക്ഷിതാക്കളും പരിഭ്രാന്തരായിട്ടുള്ള ഗുരുതരായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പാലോട് രവി, ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നല്കിയിട്ടുണ്ട്. 9. 30 A.M.]

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹൈസ്കൂളിൽ പ്ലസ് ടുവിന് പഠിക്കുന്ന ശ്രീകുമാറിനേയും യൂണിവേഴ്സിറ്റി കോളേജിലെ മൂന്നാം വർഷ ബിരുദവിദ്യാർത്ഥി ഷഹീറിനേയും ഫെബ്രുവരി 17-ാം തീയതി രാത്രി പത്തുമണിയോടെ ദേഹോപദ്രവം ഏല്പിച്ച സംഭവമുണ്ടായിട്ടുണ്ട്. അന്ധവിദ്യാർത്ഥികളായ രണ്ടുപേരെയും പാളയത്തുള്ള ഗവൺമെന്റ് കോളേജ് മെൻസ് ഹോസ്റ്റലിൽ ഗസ്റ്റ് ആയി താമസിക്കുന്ന രണ്ടു പേരും കണ്ടാലറിയാവുന്ന മറ്റ് രണ്ടുപേരും ചേർന്ന് ദേഹോപദ്രവം ഏല്പിച്ചതായാണ് പരാതി. 17-2-2001-ന് രാത്രി പത്ത് മണിയോടെ ഹോസ്റ്റലിന്റെ മുൻഭാഗത്ത് ഫുട്പാത്തിൽ നില്ക്കുന്ന സമയത്ത് ശ്രീകുമാറിന്റെ ഷർട്ടിന്റെ പോക്കറ്റിൽ കൈയ്യിട്ട് കാശെടുക്കുവാൻ ഒരാൾ ശ്രമിക്കുകയും അതിനെ എതിർത്തപ്പോൾ മറ്റുള്ളവർ ശ്രീകുമാറിനേയും കൂടെയുണ്ടായിരുന്ന ഷഹീറിനേയും ദേഹോപദ്രവം ഏല്പിച്ചതുമായാണ് പരാതി. പരാതിയെ തുടർന്ന് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 65/2001 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ദേഹോപദ്രവം ഏല്പിക്കപ്പെട്ട ശ്രീകുമാർ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. ഷഹീർ

LIBRARY ARCHIVES Kerala Legislative Assembly

പ്രഥമ ശുശ്രൂഷക്കുശേഷം ആശുപത്രി വിട്ടു. കേസിലെ ഒന്നാം പ്രതിയായ ശാസ്താംകോട്ട വില്ലേജിലെ യേശുദാസ് മകൻ ബേബി മൂന്നാം പ്രതിയായ നെടുങ്കണ്ട സ്വദേശി ശശിധരൻ മകൻ വിപിൻ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കണ്ടാലറിയാവുന്ന മറ്റ് രണ്ട് പ്രതികളെപ്പറ്റി ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. അന്ധവിദ്യാർത്ഥികൾക്കെതിരെയുള്ള കൈയേറ്റം തികച്ചും അപലപനീയമാണ്. കുറ്റക്കാർ ക്കെതിരെ കർശനമായ നടപടി സർക്കാർ സ്വീകരിക്കുക തന്നെ ചെയ്യും.

ശ്രീ. പാലോട് രവി : സർ, ഈ സഭ വളരെ ദുഃഖത്തോടുകൂടി കേൾക്കേണ്ട ഒരു വിഷയമാണ്. ഞാൻ ഇവിടെ അവതരിപ്പിക്കുന്നത് മാനുഷികമായ അന്ധത കൊണ്ട് പ്രകാശവും വെളിച്ചവുമില്ലാത്ത ഏതാണ്ട് 40-ഓളം അന്ധവിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിച്ച് പഠിക്കുകയാണ്. 250-ഓളം വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള സൗകര്യമേ ഉള്ളൂ. ഞങ്ങളും തിരുവനന്തപുരത്ത് കോളേജുകളിൽ പഠിച്ചവരാണ്. 250 വിദ്യാർത്ഥികൾ താമസിച്ച് പഠിക്കേണ്ട ഹോസ്റ്റലിൽ 600 പേർ താമസിക്കുകയാണ്. ആ ഹോസ്റ്റലിൽ 600 പേരെ താമസിപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ മറ്റ് കലാലയങ്ങളിൽ വിദ്യാർത്ഥികളെ മർദ്ദിച്ച ധാരാളം കേസുകളിൽ പ്രതികളായ വിദ്യാർത്ഥികളുടെ കഠാര രാഷ്ട്രീയത്തിന്റെ നേതാക്കൻമാരുടെ താവളമാക്കി മാറ്റി യൂണിവേഴ്സിറ്റി ഹോസ്റ്റൽ, നമ്മുടെ ക്യാമ്പസിൽ ഒരു പുതിയ ഫാസിസം ഡെവലപ്പ് ചെയ്ത് വരികയാണ്. ഇന്നത്തെ പത്രത്തിൽ "എസ്.എഫ്.ഐ. നടപടി, സാംസ്കാരിക ഫാസിസം, എം.ഐ.എസ്.എഫ്" യുവജനോത്സവത്തിൽ മൂകാഭിനയമത്സരത്തിൽ ചാപ്പകുത്തൽ അവതരിപ്പിച്ചതിന് കായംകുളം എം.എസ്.എം. കോളേജിലെ ആർട്ട്സ് ക്ലബിന്റെ സെക്രട്ടറിയും എ.ഐ.എസ്.എഫ്. നേതാവുമായ ഷാജിയെ മർദ്ദിച്ച നടപടി സാംസ്കാരിക ഫാസിസത്തിന്.....

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്

ശ്രീ. പാലോട് രവി : സാംസ്കാരിക ഫാസിസമാണെന്ന് എ.ഐ.എസ്.എഫ്. സെക്രട്ടറി.....

മി. സ്പീക്കർ : പ്ലീസ് അതല്ല വിഷയം.....

ശ്രീ. പാലോട് രവി : യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ അന്ധവിദ്യാർത്ഥികൾക്ക് നേരെയുണ്ടായ മർദ്ദനത്തെക്കുറിച്ച് സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുണ്ട്. ഇത് സാംസ്കാരിക ഫാസിസം മാത്രമല്ല, ആർട്ട്സ് കോളേജിൽ പഠിക്കുന്ന ശ്രീ. ജയകുമാർ എസ്.എഫ്.ഐ.യുടെ നേതാവാണ്. ഇത് അങ്ങ് അറിയണം. അങ്ങ് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ നേതാവാണ്. കേരളത്തിന്റെ മുഖ്യമന്ത്രി മാത്രമല്ല, എസ്.എഫ്.ഐ.യുടെ നേതാവായ ശ്രീ.ജയകുമാറിന്റെ മുറിയിൽ താമസിക്കുന്ന ആളാണ് ഇതിലെ ഒന്നാംപ്രതി. അതുപോലെ ആർട്ട്സ് കോളേജിൽ പഠിക്കുന്ന സെക്കന്റ് ഡിഗ്രി വിദ്യാർത്ഥി ഡേവിഡിന്റെ മുറിയിൽ താമസിക്കുന്ന ആളാണ് ഇതിലെ മറ്റൊരു പ്രതി. അങ്ങ് ഇവിടെ വായിച്ചപ്പോൾ കേസ്സെടുത്തുവെന്ന് പറഞ്ഞു. ഇവരുടെ അഡ്രസ് അങ്ങ് പരിശോധിച്ചോ ? ഇവരുടെ ജോലി എന്താണ് ? വിദ്യാർത്ഥികൾ ആണെങ്കിൽ ഹോസ്റ്റലിൽ

LIBRARY ARCHIVES Kerala Legislative Assembly

താമസിപ്പിക്കാം. നമ്മുടെ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ മറ്റൊരു വിദ്യാർത്ഥി സംഘടനയ്ക്ക് പ്രവർത്തിക്കാൻ അനുവാദം കൊടുക്കാതെ എസ്.എഫ്.ഐ.യുടെ യൂണിറ്റ് മാത്രമേയുള്ളൂ. യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ മെസ് സെക്രട്ടറിയെ ഇലക്ഷനില്ലാതെ പ്രഖ്യാപിച്ചു. അവിടെ ഒരു യൂണിറ്റ് ഉണ്ടാക്കിവച്ചിട്ടുണ്ട്. ഇതെല്ലാം നിയന്ത്രിക്കുന്നത് അവർ തന്നെയാണ്. ഇവരെ ആദ്യമായി ഉപദ്രവിക്കുകയാണോ? കഴിഞ്ഞ എത്രയോ മാസക്കാലമായി എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ സൗജന്യമായി താമസിക്കുന്നു. 40-ഓളം അന്ധവിദ്യാർത്ഥികൾ സൗജന്യമായി താമസിക്കുന്നു. ഈ 40-ഓളം അന്ധവിദ്യാർത്ഥികൾ ബ്ലയിന്റ് ഫെഡറേഷനിലെ അംഗങ്ങളായതുകൊണ്ട് എസ്.എഫ്.ഐ. ഒരു തീരുമാനം എടുത്തുകൊണ്ട് ഇവരോട് പറഞ്ഞാൽ അവർ പറയും ഞങ്ങൾക്ക് ഞങ്ങളുടെ ഫെഡറേഷനുമായി ആലോചിക്കണമെന്ന്. ഇവരെ നിരന്തരമായി പീഡിപ്പിക്കുന്നു. ഗോവണിയിറങ്ങുമ്പോൾ ഇവരെ കാൽ കൊണ്ട് തട്ടി താഴെയിടുന്നു. ഷർട്ട് ഊരിയിടുമ്പോൾ പോക്കറ്റിൽ കിടക്കുന്ന പൈസ എടുത്തുകൊണ്ടുപോകുന്നു. ഇവർ ഹോസ്റ്റലിൽനിന്നും പോകണമെന്നാണ് പറയുന്നത്. ഞങ്ങൾ നിയന്ത്രിക്കുന്നവർ ഇവിടെ താമസിച്ചാൽ മതി. ഹോസ്റ്റലിൽ നടക്കുന്ന രഹസ്യങ്ങൾ നിങ്ങൾ പുറത്തുകൊണ്ട് കൊടുക്കുകയാണ്. അതുകൊണ്ട് ഇവർ ഇവിടെനിന്നും പോകണമെന്നാണ്. ഇത് ആദ്യത്തെ സംഭവമാണ് അങ്ങ് അന്വേഷിക്കണം. അങ്ങേയ്ക്ക് ഇന്റലിജൻസുണ്ടല്ലോ. നമ്മുടെ സംസ്ഥാനത്ത് ഈ രീതിയിലാണ് മുന്നോട്ട് പോകുന്നതെങ്കിൽ നമ്മുടെ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ ശ്രീ. കെ. ആർ. നാരായണനേയും ശ്രീ. പട്ടം താണുപിള്ളയേയും ശ്രീ. കെ. ആർ. രാജരാജവർമ്മയേയും ഇങ്ങനെയുള്ള മഹാൻമാരെ സംഭാവന ചെയ്ത യൂണിവേഴ്സിറ്റി കോളേജിന്റെ ഇരുട്ട് മുറികളിൽ ഒരു സഹപ്രവർത്തകനെ - കോളേജ് യൂണിയൻ സെക്രട്ടറിയെ - വിളിച്ചുകൊണ്ടുവന്ന് കഠാരകൊണ്ട് ശരീരത്തിൽ എസ്.എഫ്.ഐ. എന്നെഴുതി. അന്ന് ഈ നാടുമുഴുവൻ മരവിച്ചു നിന്നു. ഈ സാംസ്കാരിക കേരളം മുഴുവനും ഈ രാജ്യത്തോടൊത്ത് മാപ്പിരക്കേണ്ട സ്ഥിതി ഈ സംസ്ഥാനത്തുണ്ടായി. പത്രങ്ങളിൽ അങ്ങയെക്കുറിച്ച് എത്രയോ കാർട്ടൂൺ വരുന്നു. ഈ കാർട്ടൂൺ വരയ്ക്കുന്നവരെ മുഴുവൻ അങ്ങ് അറസ്റ്റു ചെയ്യുകയാണോ? ഈ രാജ്യത്തെ മഹത്വമുള്ളവരെല്ലാം ഈ കാർട്ടൂൺ പുഞ്ചിരിക്കുകയല്ലേയുള്ളൂ. ഇവിടെ നടന്ന ചാപ്പ കുത്തൽ സംഭവം, യുവജനോത്സവത്തിൽ അത് പ്രകടിപ്പിച്ചതിന് ഷാജി എന്നുപറയുന്ന വിദ്യാർത്ഥിയെ എസ്.എഫ്.ഐ.ക്കാർ ഭീകരമായി മർദ്ദിച്ചില്ലേ? അതുപോലെതന്നെയല്ലേ ഓരോ സംഭവങ്ങളും. കേരളത്തിലെ കലാലയങ്ങൾ കലാപ ഭൂമി മാത്രമല്ല എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ കേരളത്തിലെ കലാലയങ്ങൾ കഠാര രാഷ്ട്രീയത്തിന്റെ കേന്ദ്രങ്ങളായി മാറുന്നു. അങ്ങ് പറഞ്ഞല്ലോ അറസ്റ്റു ചെയ്തു എന്ന്. ആരെ അറസ്റ്റു ചെയ്തു? ഞാൻ അന്വേഷിച്ചു. മുഖ്യമന്ത്രി പറയുന്നത് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ ഇത് എവിടെ പോയി പറയാനാണ്? യൂണിവേഴ്സിറ്റി കോളേജ് നടയിൽ കൂടി നടന്നുപോകാൻ നിവർത്തിയില്ല. അന്ധവിദ്യാർത്ഥിക്കുപോലും ഹോസ്റ്റലിൽ താമസിക്കാൻ നിവർത്തിയില്ല. അങ്ങേയ്ക്ക് ഉറപ്പുതരാമോ? ഈ 40 അന്ധവിദ്യാർത്ഥികളെ ഇനി ഉപദ്രവിക്കില്ല എന്ന്. അങ്ങ് എത്രയോ സീനിയർ

LIBRARY ARCHIVES Kerala Legislative Assembly

നേതാവാണ്. ദയവായി അങ്ങേയ്ക്ക് ഈ സഭയ്ക്കകത്ത് ഉറപ്പുതരാമോ ? ഞാൻ മുഖ്യമന്ത്രി ആയിരിക്കുന്നിടത്തോളം കാലം ഇതിവിടെ ഉന്നയിച്ചതിന്റെ പേരിൽ, അവർ പരാതി പറഞ്ഞതിന്റെ പേരിൽ.....ഞങ്ങൾ 7 എം.എൽ.എ.മാർ ഇന്നലെ ജനറൽ ആശുപത്രിയിൽ പോയിരുന്നു. അവർ ഞങ്ങളോട് പറയാൻ വിറയ്ക്കുകയാണ്. കണ്ണു കാണാത്തവരാണ്. നിങ്ങൾ ഉണ്ടായ സംഭവം പറയൂ എന്ന് ഞങ്ങൾ പറഞ്ഞു. അങ്ങയുടെ പേഴ്സണൽ സ്റ്റാഫിലെ ഒരാളിനെ അവിടെ പറഞ്ഞുവിട്ടു. അവർ ഞങ്ങളോട് സംസാരിക്കാൻപോലും വിറയ്ക്കുന്നു. ദിവസവും അവരെ ഉപദ്രവിക്കുകയാണ്. അവർ ഹോസ്റ്റൽ വിട്ടുപോകണം. നിങ്ങളെ ഇവിടെ ബ്ലൈൻഡ് ഫെഡറേഷൻ അല്ല നിയന്ത്രിക്കേണ്ടത്. ഇവിടെ ഹോസ്റ്റൽ നിയന്ത്രിക്കേണ്ടത് എസ്.എഫ്.ഐ. യൂണിറ്റാണ്. സംസ്ഥാനത്തിലെ ഓരോ കലാലയങ്ങളിലും ഈ കഠാര രാഷ്ട്രീയം ഉപയോഗിച്ച് പ്രതികളായി വരുന്നവരെ ഗസ്റ്റ് എന്ന പേരിലാണ് പറയുന്നത്. കഠാര രാഷ്ട്രീയങ്ങളുടേയും കലാപകാരികളുടേയും താവള ഭൂമിയാക്കി മാറ്റിയിരിക്കുന്നു യൂണിവേഴ്സിറ്റി ഹോസ്റ്റൽ. തലസ്ഥാന നഗരിയിൽ അങ്ങ് ദിവസവും കടന്നുപോകുന്ന പാതയിൽ, അങ്ങ് ഭരിക്കുന്ന ഈ സെക്രട്ടേറിയറ്റിന്റെ വിളിപ്പാടകലെ കഠാര രാഷ്ട്രീയക്കാരുടെ അക്രമികളുടെ, പിടിച്ചുപറിക്കാരുടെ, അന്ധൻമാരെപ്പോലും ഉപദ്രവിക്കുന്ന മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത....ചെന്നായ്ക്കൾ എന്നുപറയാൻ പാടില്ല. ചെന്നാക്കൾ പോലും നാണിച്ചുപോകും. അങ്ങ് പറഞ്ഞല്ലോ കേസെടുത്തുവെന്ന്. ഒരു അന്ധനെ ഉപദ്രവിച്ചവൻ അങ്ങയേയും ഉപദ്രവിക്കും. അന്ധനെ പോക്കറ്റടിക്കുന്നവൻ അങ്ങയേയും പോക്കറ്റടിക്കും. ഈ നാട്ടിലെ എല്ലാവരേയും പോക്കറ്റടിക്കും. എല്ലാവരേയും ഉപദ്രവിക്കും. എല്ലാവരേയും കഠാരകയറ്റും. അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്ന ഈ സംസ്ഥാനം ഈ രാജ്യത്തെ ഒരു സംസ്കാരമുള്ള സംസ്ഥാനമാണ് ഈ കേരളം എന്ന് നമുക്ക് ബോധ്യപ്പെടുത്താനാണ്. നമ്മുടെ സംസ്കാരം പൂർണ്ണമായും നശിച്ചുപോയില്ല എന്ന് ബോധ്യപ്പെടുത്താനാണ്. ഇവരെ അറസ്റ്റുചെയ്ത് ഒരു രണ്ടു മണിക്കൂർ എങ്കിലും സ്റ്റേഷനിൽ ഇരുത്താൻ നിർദ്ദേശം നൽകാമോ ? സ്റ്റേഷനിൽ കൊണ്ടു വന്നില്ല. ഒരു ഹെഡ് കോൺസ്റ്റബിൾ പോയി ജാമ്യം എഴുതിവച്ചുപോയി. അങ്ങനെ ചെയ്താൽ അവരെ നാളെ ആരും അടിക്കില്ല. സ്റ്റേഷനിൽ കൊണ്ടുവന്നില്ല. ഇപ്പോൾ അങ്ങ് പറഞ്ഞു അവരെ അറസ്റ്റു ചെയ്തു എന്ന്. അവരെ വിട്ടു. പിന്നെ ഇവിടെ എന്തു നടക്കില്ല ? ഇതാണോ മാതൃകാപരമായ നടപടി ? ഇങ്ങനെ ഈ സംസ്ഥാനത്തെ ഓരോ കലാലയങ്ങളിലും എ.ഐ.എസ്.എഫ്.കാരെയും കെ.എസ്.യുകാരെയും മറ്റൊരു സംഘടനകളേയും പ്രവർത്തിക്കാൻ അനുവദിക്കാതെ, അന്ധവിദ്യാർത്ഥികളെപ്പോലും വെറുതെവിടാതെ, നമ്മുടെ സംസ്ഥാനത്ത് ആരേയും പ്രവർത്തിക്കാൻ അനുവദിക്കാത്ത തരത്തിൽ ഇത്രയും ക്രൂരമായി മനുഷ്യത്വരഹിതമായ അന്ധൻമാരോട് പെരുമാറിയിരിക്കുന്ന ഈ സംഭവം ഇനിയൊരിക്കലും ഈ കേരളത്തിൽ ഉണ്ടാകരുത്. അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ തന്നെ ഇത്തരത്തിൽ എത്രയോ സംഭവമായി കേരളത്തിൽ. അതുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, അന്ധവിദ്യാർത്ഥികളെ ആക്രമിച്ചവർക്കെതിരായി ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. ഗവൺമെന്റ് കോളേജ് ഹോസ്റ്റലിലെ അന്തേവാസികളായ രണ്ട് അന്ധവിദ്യാർത്ഥികൾ ഹോസ്റ്റൽ പരിസരത്തുവച്ച് കയ്യേറ്റം ചെയ്യപ്പെട്ടത് ഗൗരവത്തോടുകൂടി സർക്കാർ കാണുകയാണ്. അതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യില്ല. പോലീസ് കേസന്വേഷണം ഊർജ്ജിതമായി നടത്തി വരികയാണ്. കേസിലെ പ്രധാന പ്രതികളായ രണ്ടുപേരെ പിടികൂടാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആ സംഭവത്തിൽ യാതൊരു രാഷ്ട്രീയ പ്രശ്നങ്ങളുമില്ല, വിട്ടുവീഴ്ചയുമില്ല. ഏതെങ്കിലും രീതിയിലുള്ള സംഘടനാ പ്രവർത്തനങ്ങളുടേയോ രാഷ്ട്രീയ പ്രവർത്തനങ്ങളുടേയോ ഭാഗമായിട്ടല്ല ഈ സംഭവം ഉണ്ടായത് എന്നാണ് മനസ്സിലാക്കുന്നത്. വിദ്യാർത്ഥികൾ തമ്മിലുള്ള വ്യക്തി താൽപര്യത്തിന്റെ പേരിലുള്ള ഒരു തർക്ക പ്രശ്നത്തിനെ രാഷ്ട്രീയ നിറം നൽകി മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്നത് ശരിയല്ല. പ്രശ്നം ഗൗരവമായെടുത്ത് പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലത്ത് യാതൊരു സംഘർഷസ്ഥിതിയുമില്ല. സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

IV ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ബി.എഡ്. കോഴ്സിന് സീറ്റ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി : സർ, എഴുതിത്തന്നതിൽ ഈ കാര്യം വളരെ വ്യക്തമാണ്. മേപ്പയൂർ സലാഫി എഡ്യൂക്കേഷൻ കോംപ്ലക്സ് 8 ഉയർന്ന സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. കട്ടുതിന്നും പിടിയരിയും മറ്റും ജനങ്ങളോട് ഞങ്ങളുടെ പ്രവർത്തകൻമാർ കൈകാട്ടി ഇരന്നും ആണ് ഈ സ്ഥാപനം നടത്തുന്നത്. ഈ രാജ്യത്തെ അദ്ധ്യാപക പരിശീലനം കിട്ടിയ ആളുകൾക്ക് എവിടെയെങ്കിലും പോയി ജോലി ചെയ്യാൻ സാധിക്കും. ഞങ്ങൾ അവിടെനിന്നും പുറത്തുവിടുന്ന വിദ്യാർത്ഥികളോട് പറയാറുണ്ട്, നിങ്ങൾക്ക് എവിടെയെങ്കിലും ജോലി കിട്ടിയാൽ വിവരം ഞങ്ങളെ അറിയിക്കണമെന്ന്. ഞങ്ങൾക്ക് സന്തോഷിക്കാൻ മാത്രം. ആ സ്ഥാപനത്തിൽ 20 വിദ്യാർത്ഥികളെക്കൂടി പ്രവേശിപ്പിക്കണം എന്നുള്ള ആവശ്യം ഞാൻ ഇവിടെ എഴുതിത്തന്നിരിക്കുന്നതിൽ വളരെ വ്യക്തമാണ്. അത് സ്പഷ്ടമായും അങ്ങ് മനസ്സിലാക്കി 20 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് അവർക്ക് അദ്ധ്യാപക പരിശീലനം കൊടുക്കണം. ഗവൺമെന്റിന്റെ അപര്യാപ്തത എനിക്ക് നന്നായറിയാം. അണ്ണാറക്കണ്ണനും തന്നാലായത് എന്നുള്ള നിലയ്ക്ക് ഈ 20 വിദ്യാർത്ഥികൾക്ക് കൂടി ജോലി നേടാനുള്ള ഒരു യോഗ്യതയായി അത് പരിഗണിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതു പറയുമ്പോൾ ഒരു കാര്യംകൂടി ഞാൻ പറയട്ടെ. എന്റെ നാട്ടിൽ ചെങ്കല്ലുപേറിയും മറ്റു സമയങ്ങളിൽ പോയി പഠിച്ചും

LIBRARY ARCHIVES Kerala Legislative Assembly